കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - കേരള കയർതൊഴിലാളി ക്ഷേമനിധി ബോർഡിൽ ചീഫ് എക്സിക്യൂട്ടീവ് ആയി സേവനം അനുഷ്ഠിച്ച ഗ്രാമവികസന വകുപ്പിലെ മുൻ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ ശ്രീ.എം.ജെ.മത്തായിയുടെ ബാധ്യത ഈടാക്കുന്നത് -ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നല്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്

സ.ഉ.(സാധാ)നം. 2927/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/11/2018

---

പരാമർശം:
1. ശ്രീ.അജേഷ്.ബി, നെല്ലിക്കാപറമ്പിൽ, ആലിശ്ശേരി വാർഡ്, ആലപ്പുഴ-688 001) 20.01.2014 ൽ സമർപ്പിച്ച അപേക്ഷ.
2. വ്യവസായ (ഇ)വകുപ്പിന്റെ 16.05.2015 ലെ 35047/ഇ 1/2013/വ്യവ. നമ്പർ അനൗദ്യോഗിക കുറിപ്പ്.
3. ഗ്രാമവികസന കമ്മീഷണറുടെ 05.12.2015, 16.11.2016, 03.05.2017,07.06.2017,02.05.2018, 26.06.2018 എന്നീ തീയതികളിലെ 5013/എസ്റ്റാ.എ 2/15/സിആർഡി നമ്പർ കത്തുകൾ.
4. ശ്രീ.എം.ജെ.മത്തായി (മുൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്) ക്കെതിരെയുള്ള 13.09.2017 ലെ കാരണം കാണിക്കൽ നോട്ടീസ്.
5. ശ്രീ.എം.ജെ.മത്തായി സമർപ്പിച്ച 24/10/2017 ലെ മറുപടി.

## ഉത്തരവ്

കേരള കയർതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആലപ്പുഴ ഹെഡ് ഓഫീസിൽ ധനകാര്യ പരിശോധനാ (എൻ.റ്റി.എച്ച്) വകുപ്പ് സത്വരപരിശോധന നടത്തുകയും ഗ്രാമവികസന വകുപ്പിലെ മുൻ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ ശ്രീ.എം.ജെ.മത്തായി ചീഫ് എക്സിക്യൂട്ടീവ് ആയി സേവനം അനുഷ്ഠിച്ചിരുന്ന കാലയളവിൽ ക്ഷേമനിധി ബോർഡിലെ ജീവനക്കാർക്കുവേണ്ടി സംഘടിപ്പിച്ച ട്രെയിനിംഗ് പ്രോഗ്രാമിൽ കൂടുതൽ ഉദ്യോഗസ്ഥർ പങ്കെടുത്തു എന്ന വ്യാജരേഖ ഉണ്ടാക്കി 23,150/- രൂപ അപഹരിച്ചതായി കണ്ടെത്തുകയും ചെയ്തു. ധനകാര്യ പരിശോധനാ (എൻ.റ്റി.എച്ച്) വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.എം.ജെ.മത്തായിക്കെതിരെ പരാമർശം (4) പ്രകാരം സർക്കാർ കാരണം കാണിക്കൽ നോട്ടീസ് നല്കി. ശ്രീ.എം.ജെ.മത്തായി പരാമർശം (5) മുഖേന മറുപടി സമർപ്പിച്ചു. മറുപടിയിൽ ടിയാൻ കുറ്റം നിഷേധിച്ചു.

ജീവനക്കാർക്ക് പരിശീലനം നടത്തിയത് സംബന്ധിച്ച ഫയൽ പ്രകാരം ബോർഡിൽ ക്ലറിക്കൽ വിഭാഗത്തിൽ ആകെയുള്ള 72 പേർക്കാണ് പരിശീലനം നല്കേണ്ടിയിരുന്നതെന്നും ഇതിൽ 10.11.2012 ൽ നടന്ന ആദ്യ ദിന പരിശീലനത്തിൽ 54 പേരും 24.11.2012 ലെ രണ്ടാം ദിനത്തിൽ 47 പേരുമാണ് പങ്കെടുത്തിട്ടുള്ളതെന്നും ആദ്യ ദിനത്തിൽ 60 പേരുടെയും രണ്ടാം ദിനത്തിൽ 55 പേരുടെയും ഹാജർ റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ടി പരിശീനത്തിന്റെ ചുമതലക്കാരനായിരുന്ന യു.ഡി.സി ശ്രീ.എ.ശശീശ്വരനിൽ നിന്നും പരിശീലനത്തിന് ചെലവഴിച്ച 23,150/- രൂപയിൽ 11,575/- രൂപ (പകുതി തുക) ഈടാക്കി ബോർഡിന്റെ അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന 11,575/- രൂപയുടെ ബാദ്ധ്യത ശ്രീ.എം.ജെ.മത്തായിയുടെ പേരിൽ നിലനിൽക്കുന്നുവെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (3) ലെ 26.06.2018 ലെ കത്ത്

പ്രകാരം റിപ്പോർട്ട് ചെയ്തു.

ശ്രീ.എം.ജെ.മത്തായിയെ 8/10/2018-ൽ നേരിൽ കേട്ടു. ഔദ്യോഗിക വാഹനം ഉപയോഗിച്ചതുമായി ബന്ധപ്പെട്ട ആരോപണത്തിൽ താൻ കുറ്റക്കാരനല്ലെന്നും നോട്ടീസിൽ പറയുന്ന യാത്രകൾ നടത്തിയതും ബില്ലുകൾ നൽകിയതും അന്നത്തെ ചെയർമാനാണെന്നും സെക്ഷനിൽ പരിശോധിച്ച് ഉറപ്പു വരുത്തിയതിനു ശേഷം ശുപാർശ ചെയ്യപ്പെട്ട തുകയാണ് ചീഫ് എക്സിക്യൂട്ടീവ് അനുവദിച്ചിരുന്നതെന്നും ബില്ലുകളിൽ രേഖപ്പെടുത്തിയിരുന്ന വാഹന നമ്പർ ടാക്സി പെർമിറ്റുള്ള വാഹനത്തിന്റേതു തന്നെയാണോയെന്ന് പരിശോധിച്ചിട്ടില്ലെന്നും താഴെത്തട്ടുകളിൽ ഈ വിഷയം പരിശോധിച്ചാണ് ഉദ്യോഗസ്ഥർ തനിക്ക് സമർപ്പിക്കേണ്ടതെന്നും ടിയാൻ ബോധിപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യാത്രാ ബില്ലുകൾ ചെയർമാൻ ഒപ്പു വച്ച് നൽകിയിട്ടുള്ളതിനാൽ ഔദ്യോഗിക വാഹനം ഉപയോഗിച്ചതുമായി ബന്ധപ്പെട്ട ആരോപണത്തിൽ ശ്രീ.എം.ജെ.മത്തായി കുറ്റക്കാരനാണെന്ന് കാണുന്നില്ല. ജീവനക്കാർക്ക് പരിശീലനം നൽകിയ വിഷയത്തിൽ ടി പരിശീലനത്തിന്റെ ചുമതലക്കാരനായിരുന്ന യു.ഡി.സി ആയ ശ്രീ.എ.ശശീശ്വരനിൽ നിന്നും പരിശീലനത്തിന് ചെലവഴിച്ച 23,150/- രൂപയിൽ 11,575/- രൂപ ഈടാക്കി ബോർഡിന്റെ അക്കൗണ്ടിൽ വരവ് വച്ചിട്ടുള്ളതിനാൽ, ശേഷിച്ച തുകയിൽ നിന്നും പരിശീലന പരിപാടിയിൽ യഥാർത്ഥത്തിൽ പങ്കെടുത്തയാളുകളുടെ ചെലവ് കഴിച്ച് ബാക്കി തുക ശ്രീ.മത്തായിയുടെ ബാദ്ധ്യതയായി കണക്കാക്കി ടിയാനിൽ നിന്നും ഈടാക്കുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

( ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത.കെ.എസ്**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.എം.ജെ.മത്തായി, മുൻ ചീഫ് എക്സിക്യൂട്ടീവ് , കേരള കയർതൊഴിലാളി ക്ഷേമനിധി ബോർഡ്, ആലപ്പുഴ ( ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 16/08/2017 ലെ ഡവ-1/159/2017/ധന നമ്പർ അനൗദ്യോഗികക്കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ